എം.എൽ.എ-ക്ക് ഉത്തരവിന്റെ പകർപ്പ് നിഷേധിച്ച സംഭവം

35(T7000) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ കരയിൽ വാക്കേലി വീട്ടിൽ മനോജ്കുമാർ എന്നയാളുടെ എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തിക്കിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി കിട്ടുന്നതിനായി എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച അപേക്ഷയിൻമേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് എം.എൽ.എ.-ക്കോ പി.എ.-ക്കോ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് നൽകാതിരുന്നത് സംബന്ധിച്ച് 16-1-2014-ൽ പി.എ.-യുടെ പരാതിസഹിതം സമർപ്പിച്ച എം.എൽ.എ.-യുടെ പരാതിയിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പി.എ.-യുടെ പരാതി സഹിതം എം.എൽ.എ. സമർപ്പിച്ച പരാതി അടിസ്ഥാനരഹിതമാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. അങ്കമാലി മണ്ഡലത്തിലെ കിടങ്ങൂർകരയിൽ വാക്കേലി വീട്ടിൽ മനോജ് കുമാർ .ജി. എന്നയാളുടെ എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തിക്കിട്ടുന്നതിൽ അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി കിട്ടുന്നതിനായി ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച അപേക്ഷയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് നിഷേധിച്ച് എന്നാരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. മുഖാന്തിരം 16-1-2014-ൽ സമർപ്പിച്ച പരാതി 18-1-2014-ൽ പൊതുവിദ്യാഭ്യാസ (ജി) വകുപ്പിൽ ലഭിച്ചു. തുടർന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും 3-1-2014-ലെ സ.ഉ.(ആർ.ടി)നമ്പർ 50/14/പൊ.വി. പ്രകാരം ശ്രീ. മനോജ് കുമാർ. ജി, വാക്കേലിൽ, കിടങ്ങൂർ പി.ഒ., അങ്കമാലി, എറണാകുളം എന്ന അപേക്ഷകന് വിദേശത്ത് ജോലി സംബന്ധമായ ആവശ്യത്തിലേക്കായി സ്കൂൾ റിക്കോർഡുകളിൽ/സെക്കണ്ടറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതായും ബന്ധപ്പെട്ട ഫയൽ സെക്ഷനിൽനിന്നും 8-1-2014-ൽ ബഹുമാനപ്പെട്ട എം.എൽ.എ.ക്ക് പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അയച്ചുകൊടുക്കുന്നതിലേക്കായി ആമുഖ കത്തിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുകയും 10-1-2014-ലെ 51436/ജി2/13/പൊ.വി.വ. കത്തു മുഖാന്തിരം ശ്രീ. മനോജ് കുമാറിന്റെ അപേക്ഷ പരിശോധിച്ച് എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതമാസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന

[1] മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

വിവരം ഉത്തരവിന്റെ പകർപ്പ് സഹിതം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുള്ളതായും ഫയൽ 8-1-2014-ൽ സമർപ്പിക്കുന്ന കാലയളവായ 9-1-2014-ലാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പി.എ. സർക്കാർ ഉത്തരവിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് സെക്ഷനിൽ വന്നതെന്നും കാണാൻ കഴിഞ്ഞു. കൂടാതെ "എം.എൽ.എ.-യുടെ പി.എ-ക്ക് ഉത്തരവ് നൽകാൻ സാധിക്കില്ല" എന്ന് അദ്ദേഹത്തോട് പറഞ്ഞിട്ടില്ലായെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ-യുടെ പി.എ. പരാതിയിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യപ്പെടുകയും ഈ വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ചുള്ള നവീകരണം

36 (7001) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ട് വിനിയോഗിച്ച് സ്കൂൾ നവീകരണം നടത്തുന്നതിന് 2013-14 കാലയളവിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) 2013-14 കാലയളവിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് ചെയ്ത ജോലികൾ എന്തെല്ലാമായിരുന്നു ; ഏതെല്ലാം സ്കൂളുകളിലാണ് ജോലികൾ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) 2013-2014-ൽ സ്കൂളുകളുടെ നവീകരണത്തിന് വിനിയോഗിക്കേണ്ട തുക പൂർണ്ണമായും ചെലവഴിക്കപ്പെട്ടില്ലയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 2013-14 കാലയളവിൽ സ്കൂൾ നവീകരണത്തിനായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 88,06,566 രൂപ വിനിയോഗിച്ചു.

(ബി) 1. മേജർ റിപ്പയർ (സ്കൂൾ നവീകരണം)

2. അഡാപ്റ്റഡ് ടോയ്ലറ്റ് എന്നീ ജോലികളാണ് എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് മണ്ഡലത്തിൽ നടത്തിയിട്ടുള്ളത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. 2013-14 കാലയളവിൽ അമ്പലപ്പുഴ ഡാഡർ എച്ച്.എസ്.-ന് അനുവദിച്ച 6,25,068 രൂപയിൽ 1,23,016 രൂപ ഇനിയും ചെലവഴിക്കാനുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly